I ഇ.ബി. XV - കേരള നിയമസഭ/XI-5

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 20, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1891, 1892, 1913, 1925, 1928 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 02-02-2024-ലെ നക്ഷത്രചിഹ്നമിടാത്ത 1891, 1892, 1913, 1925, 1928 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം ഗതാഗത വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

മി. സ്പീക്കർ: സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയായതുമൂലം ജനങ്ങൾ ദുരിതത്തിലായതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ സാമൂഹ്യക്ഷേമ പെൻഷന്റെ നാല് ഗഡു വിതരണം ചെയ്തിട്ടുണ്ട്; അഞ്ചുമാസത്തെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ജൂൺ മാസത്തെ ക്ഷേമപെൻഷൻ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കുന്നതിനിടയിലും സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം 62 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാർ അഞ്ച്

വർഷംകൊണ്ട് 35,154 കോടി രൂപയും ഈ സർക്കാർ 2024 മേയ് വരെ 27,278 കോടി രൂപയും ഈയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാർ നിലപാടിനെതിരെ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒരുമിച്ചുനിന്ന് പ്രവർത്തിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സാമൂഹ്യക്ഷേമ പെൻഷൻ 6 മാസമായി കുടിശ്ശികയായിരിക്കുകയാണ്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 18 മാസത്തെ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നുവെന്ന് പറയുന്നത് വാസ്തവവിരുദ്ധമാണ്. ക്ഷേമ പെൻഷൻ നൽകുന്നതിനുവേണ്ടി പെട്രോളിനും ഡീസലിനും 2 രൂപ അധികമായി സെസ് ഏർപ്പെടുത്തുകയും നികുതികളിൽ വർദ്ധന വരുത്തുകയും ചെയ്തിട്ടും പെൻഷൻ കുടിശ്ശികയാക്കിയിരിക്കുകയാണ്. അംശദായം പിരിച്ചെടുത്തിട്ടും ക്ഷേമനിധി ബോർഡ് മുഖേന നൽകേണ്ട പെൻഷനുകളും ആനുകൂല്യങ്ങളും നൽകുന്നില്ല. ക്ഷേമനിധി പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയും പെൻഷൻ കുടിശ്ശികയാക്കിയും നിരാലംബരെ കബളിപ്പിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കും. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് മസ്റ്ററിംഗ് കൃത്യമായി നടത്തുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുള്ള 16 ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ നേരിട്ടാണ് പെൻഷൻ നൽകുന്നത്. നേരത്തെ ക്ഷേമനിധി പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനും നൽകുന്നുണ്ട്. അധിക വിഭവ സമാഹരണത്തിലൂടെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തുവരികയാണ്. കടമെടുപ്പിനുപോലും അനുവദിക്കാത്ത കേന്ദ്രസർക്കാർ നിലപാടിനെതിരെ ശക്തമായ സമീപനം സ്വീകരിക്കണം. 2024 ഏപ്രിൽ മുതൽ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ

കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) വന്ദേഭാരത് എക്സ്പ്രസ്സിന്റെ സമയക്രമംമൂലമുള്ള യാത്രാക്ലേശം

ശ്രീ. പി. മമ്മിക്കുട്ടി: വന്ദേഭാരത് എക്സ്പ്രസ്സിന്റെ സമയക്രമം പാലിക്കാനായി മറ്റ് ട്രെയിനുകൾ വഴിതിരിച്ചുവിടുകയും പിടിച്ചിടുകയും ചെയ്യുന്നതുമൂലമുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനും നിർത്തലാക്കിയ ട്രെയിനുകൾ പുനരാരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കേരളത്തിലെ ജനങ്ങളുടെ യാത്രാ സൗകര്യത്തിനായി അനുവദിച്ച വന്ദേഭാരത് എക്സ്പ്രസ്സുകളുടെ സർവ്വീസ് കാരണം മറ്റ് ട്രെയിനുകളുടെ സമയക്രമത്തിൽ മാറ്റംവരുത്തേണ്ടി വരികയും പിടിച്ചിടേണ്ടി വരികയും ചെയ്യുന്നത് സാധാരണ യാത്രക്കാർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നതായി പരാതി ഉയർന്നിട്ടുണ്ട്. ചെന്നൈ റെയിൽവേ ഡിവിഷനിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ശബരി

എക്സ്പ്രസ്സിന്റെ സമയം പുതുക്കുകയും വടക്കാഞ്ചേരിയിൽ അധിക സ്റ്റോപ്പ് അനുവദിച്ചുകൊണ്ട് ഷൊർണ്ണൂർ 'ബി' ക്യാബിൻ വഴി തിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. വന്ദേഭാരത് എക്സ്പ്രസ്സുകൾ സർവ്വീസ് ആരംഭിച്ചതിനുശേഷം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിനെയും റെയിൽവേ അധികൃതരേയും അറിയിക്കുകയും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എറണാകുളം-ഷൊർണ്ണൂർ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പുതിയ ലൈനിന് ബഡ്ജറ്റ് വിഹിതം അനുവദിക്കാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(2) സുനാമി നഗറുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

ശ്രീ. സി. ആർ. മഹേഷ്: സുനാമി പുനരധിവാസ നഗറുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനും മാലിന്യനിർമ്മാർജ്ജനത്തിനും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സുനാമി നഗറുകളിലെ മാലിന്യനിർമ്മാർജ്ജനം, ചുറ്റുമതിൽ നിർമ്മാണം, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ, മാലിന്യസംസ്കരണം എന്നീ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ള പ്രശ്നം

പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സുനാമി വീടുകൾ/ഫ്ലാറ്റുകൾ എന്നിവയുടെ പരിപാലനച്ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സുനാമി വീടിന്റെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് അനുവദിക്കുന്നതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീടുവച്ച് നൽകിയ ഭൂമിക്ക് പട്ടയം അനുവദിക്കുകയും തണ്ടപ്പേർ അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സുനാമി നഗറുകളിലെ ഭവനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക ഫണ്ടില്ലാത്തതിനാൽ മന്ത്രിതല യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) <u>ആലപ്പുഴയിലെ നെൽക്കർഷകർക്കുള്ള കുടിശ്ശിക തീർക്കൽ</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: നെൽക്കർഷകർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും സംഭരിച്ച് പരമാവധി മൂന്നുദിവസത്തിനുള്ളിൽ പണം ലഭ്യമാക്കുന്നതിനും സംഭരണത്തിന് പ്രത്യേക റിവോൾവിംഗ് ഫണ്ട്

രൂപീകരിക്കുന്നതിനും കേന്ദ്ര എം.എസ്.പി.-ക്ക് ആനുപാതികമായി സ്റ്റേറ്റ് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനും നടപടി സ്വീകരിക്കണം. പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് താൽക്കാലിക ഗോഡൗണുകൾ/സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും സപ്ലൈകോ മാനദണ്ഡങ്ങൾക്ക് വിധേയമായി നെല്ലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് സംവിധാനമൊരുക്കുകയും വേണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): ദേശീയതലത്തിൽ നടപ്പാക്കിവരുന്ന വികേന്ദ്രീകരണ ധാന്യസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടന്നുവരുന്നത്. കേന്ദ്ര സർക്കാർ നൽകേണ്ട താങ്ങുവിലയോടൊപ്പം (MSP) സംസ്ഥാന പ്രോത്സാഹന ബോണസ്സുകൂടി ചേർത്താണ് കർഷകർക്ക് സംഭരണവില നൽകുന്നത്. ആലപ്പുഴ ജില്ലയിലെ നെൽക്കർഷകർക്കുള്ള കുടിശ്ശിക തുക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംഭരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(2) <u>കല്ലൂർ വട്ടക്കോട്ട്മല പ്രദേശത്തെ പട്ടയ ഉടമകൾക്ക് R.O.R. ലഭ്യമാക്കൽ</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജിലെ വട്ടക്കോട്ട്മല പ്രദേശത്തെ പട്ടയ ഉടമകൾക്ക് R.O.R. (അവകാശ രേഖ) ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): 1960-ലെ ഭൂമി പതിച്ചുനൽകൽ നിയമത്തിലെ ചട്ടപ്രകാരമാണ് റബ്ബർ കൃഷിക്കായി ഭൂമി പതിച്ചുനൽകുന്നത്. ലൈസൻസ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പൊതുലേലത്തിലൂടെയോ പതിവ് മുഖേനയോ ലൈസൻസിക്ക് ഭൂമി പതിച്ച് നൽകാവുന്നതാണ്. വട്ടക്കോട്ട്മല നിവാസികൾക്ക് ലൈസൻസ് മുഖേനയാണോ പതിവ് മുഖേനയാണോ ഭൂമി കൈവശം ലഭ്യമായതെന്നത് സംബന്ധിച്ച് പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തലമുറകളായി കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചുനൽകുന്നതിന് ചട്ടത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(3) കൊച്ചി കായലിലെ എക്കൽ മണ്ണ് നീക്കം ചെയ്യൽ

ശ്രീ. കെ. ജെ. മാക്സി: കൊച്ചി-കുമ്പളങ്ങി-കണ്ണമാലി-പെരുമ്പടപ്പ്-ഇടക്കൊച്ചി ഭാഗങ്ങളിലെ കായലുകളിലേയും മറ്റ് അനുബന്ധ കായലുകളിലേയും എക്കൽ മണ്ണ് നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കൊച്ചി തുറമുഖത്തോട് ചേർന്നുകിടക്കുന്ന കൊച്ചി-കുമ്പളങ്ങി-കണ്ണമാലി-പെരുമ്പടപ്പ് ഭാഗങ്ങളിൽ കായലിൽ എക്കലും ചെളിയും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ചാൽ ഭാവിയിൽ ജലഗതാഗതമാർഗ്ഗം സുഗമമാക്കാനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സാധിക്കുന്നതാണ്. ഇടകൊച്ചി-അരൂർ പാലം മുതൽ പെരുമ്പടപ്പ്-കുമ്പളങ്ങി വരെയുള്ള വേമ്പനാട്ട് കായലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കായി 950 ലക്ഷം രൂപയുടെയും പെരുമ്പടപ്പ്-കുമ്പളങ്ങി പാലം മുതൽ കണ്ണമാലി ഭാഗം വരെ വേമ്പനാട്ട് കായലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി 452 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് ഡി.പി.ആർ. നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) കോണോത്തുപുഴ പുനരുജ്ജീവനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിവിധ മാലിന്യങ്ങളാൽ നാശോന്മുഖമായ കോണോത്തുപുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): എറണാകുളം ജില്ലയിലെ കോണോത്തുപുഴയുടെ 17 കിലോമീറ്റർ പുനരുജ്ജീവനത്തിനായി 26 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഒന്നാംഘട്ട പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും രണ്ടാംഘട്ട പ്രവൃത്തിക്ക് രണ്ട് ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 10-06-2024-ന് സാമ്പത്തിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് രൂപകൽപ്പന പൂർത്തീകരിക്കുന്നതിനും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(5) അത്താണിക്കലിലെ ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കൽ

ശ്രീ. എ. പി. അനിൽകുമാർ: വണ്ടൂർ ഗ്രാമപഞ്ചായത്തിലെ അത്താണിക്കലിൽ ആരംഭിച്ച ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റ് അടച്ചുപൂട്ടുന്നതിനോ മാറ്റിസ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അത്താണിക്കലിൽ ജനവാസം കുറഞ്ഞതും പൊതുജനങ്ങൾക്കോ പരിസരവാസികൾക്കോ ബുദ്ധിമുട്ട് സൃഷ്ടിക്കാത്തതുമായ വിധത്തിലാണ് ഔട്ട്‌ലെറ്റ് ആരംഭിച്ചത്. ഔട്ട്‌ലെറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ പാർക്കിംഗ് സൗകര്യം ലഭ്യമായതിനാൽ ട്രാഫിക് തടസം ഉണ്ടാകുന്നില്ല. അബ്കാരി നിയമത്തിലെയും വിദേശ മദ്യ ചട്ടങ്ങളിലെയും നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ഈ ഔട്ട്‌ലെറ്റ് പ്രവർത്തിക്കുന്നത്.

(6) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലാപ്സായ തുക ബജറ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ വർഷം ലാപ്സായ തുക ഈ വർഷം ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-24 സാമ്പത്തിക വർഷാവസാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റി നൽകാൻ സാധിക്കാതെ ട്രഷറി ക്യൂവിലായ ബില്ലിന്റെ തുകയോ 20 ശതമാനം ക്യാരി ഓവർ തുകയോ ഏതാണോ അധികമായത് അത് 2024-25 സാമ്പത്തിക വർഷം ക്യാരി ഓവറായി അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷം വികസന ഫണ്ടിന്റെ ആദ്യ ഗഡുവായ 1904 കോടി രൂപയും സംരക്ഷണ ഫണ്ടിന്റ ആദ്യ ഗഡുവായ 1377 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശസ്ഥാപനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(7) മാവൂർ എൻ.ഐ.റ്റി. - കൊടുവള്ളി റോഡ്

ശ്രീ. പി. ടി. എ. റഹിം: മാവൂർ എൻ.ഐ.റ്റി. - കൊടുവള്ളി റോഡ് വികസനത്തിന് അലൈൻമെന്റ് പ്രകാരം ആവശ്യമായ സ്ഥലത്തിന്റെ 90

ശതമാനവും വിട്ടുകിട്ടിയ സാഹചര്യത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മാവൂർ എൻ.ഐ.റ്റി.-കൊടുവള്ളി റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരികയാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണ്.

(8) എൻ. എച്ച്. 66 കൊയിലാണ്ടി റീച്ചിന്റെ പൂർത്തീകരണം

ശ്രീമതി കാനത്തിൽ ജമീല: ദേശീയ പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുടെയും നിർമ്മാണ കമ്പനികളുടേയും ജാഗ്രതയില്ലായ്മമൂലം കൊയിലാണ്ടി മണ്ഡലത്തിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ദേശീയപാത നിർമ്മാണം പുരോഗമിക്കുന്ന കൊയിലാണ്ടി മണ്ഡലത്തിലെ അഴിയൂർ-

വെങ്ങളം ഭാഗത്ത് മൺസൂണുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക സംഘം രൂപീകരിക്കുകയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. കൂടുതൽ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് ദേശീയപാത അതോറിറ്റി മുഖാന്തിരം അവ പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

(9) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. എച്ച്. സലാം: ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചികിത്സാ പിഴവുമൂലം സമീപകാലത്തുണ്ടായ മരണങ്ങളെപ്പറ്റിയുള്ള അന്വേഷണം സമയബന്ധിതമായി പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒമ്പത് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക ബ്ലോക്ക് പ്രവർത്തനമാരംഭിക്കുകയും ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരികയുമാണ്. കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റിനും ഓങ്കോളജി ബ്ലോക്കിന്റെ ആദ്യഘട്ട നിർമ്മാണത്തിനും തുക അനുവദിക്കുകയും ഓക്സിജൻ

ബെഡ്ഡുകളുടെ എണ്ണം 923 ആയി വർദ്ധിപ്പിക്കുകയും എമർജൻസി മെഡിസിൻ, പ്ലാസ്റ്റിക് സർജറി, നിയോനാറ്റോളജി എന്നീ വിഭാഗങ്ങൾക്കായി എട്ട് അധ്യാപക തസ്തികകളും വിവിധ വിഭാഗങ്ങളിലായി 13 പി.ജി. സീറ്റുകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചികിത്സാ പിഴവുമൂലം സമീപകാലത്തുണ്ടായ മരണങ്ങൾ സംബന്ധിച്ച് സർക്കാരിന് ലഭിച്ച റിപ്പോർട്ടുകളിന്മേൽ ആവശ്യപ്പെട്ട കൂടുതൽ വിശദീകരണം ഡി.എം.ഇ.-യിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് പരിഹാരം കണ്ടെത്താൻ ഡി.എം.ഇ.-യുടെ കീഴിൽ സ്ഥിരം അന്വേഷണ സംഘം രൂപീകരിക്കാൻ തീരുമാനിക്കുകയും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പൊതുവായ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കാൻ ജോയിന്റ് ഡി.എം.ഇ.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രിക്കെതിരെ ലഭിച്ച പരാതിയിന്മേലും അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (10) കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റ് നിവാസികൾക്ക് കുടിവെള്ളത്തിൽനിന്ന് രോഗബാധ

ശ്രീമതി ഉമ തോമസ്: കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റ് നിവാസികൾക്ക് കുടിവെള്ളത്തിൽനിന്ന് രോഗബാധയുണ്ടായ വിഷയം സംബന്ധിച്ച് പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും വേണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻ ആരോഗ്യ വകുപ്പിന്റെ മെഡിക്കൽ സംഘം സ്ഥലത്തെത്തി ആക്ടീവ് കേസ് സെർച്ച് നടത്തുകയും ഫ്ലാറ്റ് സമുച്ചയത്തിലെ ഓരോ ടവറിലെയും ഓവർഹെഡ് ടാങ്കുകളിൽനിന്നും വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് വിശദ പരിശോധനയ്ക്ക് ലാബിലേയ്ക്ക് അയയ്ക്കുകയും രോഗബാധിതരുടെ വിവരശേഖരണം നടത്തുകയും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-ലെ കേരള പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നതായി ബോധ്യപ്പെട്ടതിനാൽ അസോസിയേഷൻ പ്രസിഡന്റിന് നോട്ടീസ് നൽകിയതിനൊപ്പം കുടിവെള്ള വിതരണം അടിയന്തരമായി നിർത്തിവച്ച് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും ശാസ്ത്രീയവും ആരോഗ്യകരവുമായ ശുദ്ധജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശവും

നൽകിയിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽനിന്നുള്ള മെഡിക്കൽ സംഘം സ്ഥലത്ത് ക്യാമ്പ് ചെയ്ത് രോഗികളെ പരിശോധിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണം, ജലസേചനം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളും ജില്ലാ ഭരണകൂടവും ജില്ലാ കളക്ടറും വിഷയത്തിൽ സംയോജിത പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI ധനകാര്യം

<u>2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(1305,49,60,000 രൂപ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും
(8797,76,76,000 രൂപ)

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): വ്യവസായങ്ങൾ എന്ന XXXVII - നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റിയും ജനവിശ്വാസം നേടിയെടുത്തും കാലാനുസൃതമായ പദ്ധതികൾ നടപ്പാക്കിയുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കാട്ടാക്കട നിയോജകമണ്ഡലത്തിൽ കോമൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള തീരുമാനത്തെ സ്വാഗതം

ചെയ്യുന്നു. ഉത്പന്നങ്ങളുടെ ശേഖരണം മുതൽ വിപണിയിടപെടൽ വരെ കാര്യക്ഷമമായി നടത്തിയതുകൊണ്ട് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ മുന്നേറ്റം കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള ശ്രമം സർക്കാർ നടത്തിവരികയാണ്. കേരളത്തിലെ വിവിധ ഉല്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടി ലോകവിപണി കീഴടക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വ്യവസായ വകുപ്പ് നടത്തിവരുന്നത്. പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത പുലർത്തുന്നതും ലോജിസ്റ്റിക്സ് പാർക്കുകൾ നിർമ്മിക്കുന്നതിന് ഗ്രാന്റ് അനുവദിച്ചതും അഭിനന്ദനാർഹമാണ്. കേരളത്തിലെ നാല് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇന്ത്യൻ ബഹിരാകാശ ദൗത്യത്തിൽ പങ്കുവഹിക്കാൻ സാധിച്ചത് ശ്ലാഘനീയമാണ്. ഭിന്നശേഷി വിദ്യാർത്ഥികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയും ഓട്ടിസം പാർക്കുകൾ സ്ഥാപിച്ചും വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയും സാമൂഹ്യക്ഷേമം ഉറപ്പാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. ചാണ്ടി ഉമ്മൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രതിസന്ധിയിലായ പ്രിയദർശിനി മില്ലും പൂർണ്ണമായും ഉല്പാദനം നിർത്തിയ ട്രാക്കോ കേബിൾ കമ്പനിയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. വ്യവസായ വകുപ്പിനുകീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മുടങ്ങിയ ശമ്പളം അടിയന്തരമായി നൽകാനും പ്രതിസന്ധിയിലായ കോട്ടയത്തെ അപ്പാരൽ പാർക്കിനെയും ട്രാവൻകൂർ സിമന്റ്സിനെയും സംരക്ഷിക്കാനും കോട്ടയം റബ്ബർ പാർക്കിന് ഭൂമി അലോട്ട് ചെയ്യാനും സർക്കാർ ഇടപെടലുണ്ടാകണം. ആശ്വാസകിരണം, ശ്രുതിതരംഗം പദ്ധതികൾ പാളിപ്പോയ അവസ്ഥയിലാണ്.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വ്യവസായമേഖലയെ നവീകരിക്കാനും വൈവിദ്ധ്യവൽക്കരിക്കാനും ഗണ്യമായ പുരോഗതി കൈവരിക്കാനും സാധിച്ചിട്ടുണ്ട്. 'എന്റെ സംരംഭം രാഷ്ട്രത്തിന്റെ അഭിമാനം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ആരംഭിച്ച 'സംരംഭകരുടെ വർഷം' എന്ന പദ്ധതി വൻവിജയമാക്കിത്തീർക്കാനായതും സംരംഭ സഹായ കേന്ദ്രങ്ങൾ, എം.എസ്.എം.ഇ. ക്ലിനിക്കുകൾ, താലൂക്കുതല ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിപ്പിക്കാനായതും പ്രഖ്യാപിച്ച സമയത്തിനുമുമ്പുതന്നെ ഒരു ലക്ഷം

സംരംഭങ്ങൾ ആരംഭിക്കാനായതും സ്വാഗതാർഹമാണ്. സംരംഭങ്ങൾ തുടങ്ങാൻ ലഭ്യമാക്കിയ സ്ഥലസൗകര്യങ്ങൾക്കുപുറമെ സിഡ്കോയുടെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളും പഞ്ചായത്ത്-താലൂക്ക്-ബ്ലോക്ക് തലങ്ങളിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ടെക്സ്റ്റൈൽ മേഖലയെ ആധുനികവൽക്കരിക്കാനും അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രഖ്യാപനം വ്യവസായനയത്തിൽ ഉൾപ്പെടുത്താനും കഴിയണം. കയർപിരി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ 8 വർഷക്കാലയളവിൽ കേരളത്തിന്റെ വ്യവസായരംഗം യുവജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാത്തതും ഒരു സംരംഭംപോലും പുതിയതായി ആരംഭിക്കാനാകാത്തതും ദൗർഭാഗ്യകരമാണ്. സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെയുള്ള ജനവികാരമാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ എലമ്പ്രയിൽ എൽ.പി. സ്കൂൾ അനുവദിക്കാനും പുല്ലൂരിലെ യു.പി.സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്താനും

ആക്കപ്പറമ്പിൽ നിന്നും പട്ടിക്കാട് വരെയുള്ള റോഡ് പുനരുദ്ധാരണം നടത്താനും നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ മുന്നേറാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. കാഞ്ഞിരപ്പള്ളിയിലെ ഭിന്നശേഷി സൗഹൃദ ഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ അനുകൂല നടപടി സ്വീകരിക്കാനും പാട്ടത്തിന് കൊടുത്ത റവന്യൂ വകുപ്പിന്റെ 50 ഏക്കർ ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമൂഹ്യസുരക്ഷാ പെൻഷൻ യഥാസമയം നൽകാൻ സാധിക്കാത്തതും ആശ്വാസകിരണം പദ്ധതിക്കുള്ള ധനസഹായം മുടങ്ങിയതും കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ ശ്രവണ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്താത്തതും പ്രതിഷേധാർഹമാണ്. കശുവണ്ടി മേഖലയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. ജനവാസമേഖലയ്ക്ക്

അനുയോജ്യമാംവിധം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിൽ ഭേദഗതി വരുത്തണം. ഇരുമ്പനത്ത് പ്രവർത്തിക്കുന്ന ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിനാവശ്യമായ റാ മെറ്റീരിയൽസ് ലഭ്യമാക്കാനും ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് ധനസഹായം അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വിജ്ഞാന സമ്പദ്ഘടനയിലധിഷ്ഠിതമായ സമൂഹമായി മാറ്റുന്നതിനും വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. ആധുനിക ഇലക്ട്രോണിക് വ്യവസായങ്ങളെയും പരമ്പരാഗത വ്യവസായങ്ങളെയും പുനരുദ്ധരിക്കാനുള്ള പദ്ധതികൾ സമഗ്രമായ മാറ്റം ലക്ഷ്യം വച്ചുള്ളതാണ്. സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങളിൽ ദേശീയ തലത്തിൽ അംഗീകാരവും ബഹുമതിയും നേടിയാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ മെറ്റൽ ഇൻഡസ്ട്രീസ്

ലിമിറ്റഡ്, SIFL എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ആന്റണി ജോൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് വ്യവസായ സൗഹൃദാന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയത് അഭിമാനകരമാണ്. വ്യവസായികൾക്കും സംരംഭകർക്കും നിയമപരവും സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്ന നടപടികൾക്കാണ് വ്യവസായ വകുപ്പ് മുൻഗണന നൽകുന്നത്. മീറ്റ് ദ മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ചതിലൂടെ വ്യവസായ സംരംഭകരുമായി ആശയവിനിമയം നടത്താനും സാങ്കേതിക തടസ്സങ്ങൾക്ക് പരിഹാരം കാണാനും സാധിച്ചിട്ടുണ്ട്. നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്തുകൊണ്ട് Kerala Investment Promotion and Facilitation Act നടപ്പിലാക്കിയത് സമഗ്രമായ മാറ്റത്തിന് വഴിതെളിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ മുന്നോട്ടുപോകുന്നതോടൊപ്പം ഈ സർക്കാരിന്റെ ചുരുങ്ങിയ കാലയളവിനുള്ളിൽ 257839 സംരംഭങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തതിലൂടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപങ്ങളുണ്ടാവുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മികച്ച വ്യവസായാന്തരീക്ഷം രൂപപ്പെടുത്താൻ വിഘാതമായിനിന്ന ചട്ടങ്ങൾ കാലാനുസൃതമായി ഭേദഗതി

ചെയ്യുകയും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. എം.എസ്.എം.ഇ.-കളുടെ നിക്ഷേപ പരിധി 50 ലക്ഷം രൂപയായി ഉയർത്തുകയും സംരംഭം ആരംഭിച്ച് നിശ്ചിത കാലാവധിക്കുള്ളിൽ അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മതിയെന്ന വ്യവസ്ഥ കൊണ്ടുവരികയും ചെയ്തത് ഈ രംഗത്ത് വലിയ കുതിപ്പാണുണ്ടാക്കിയിട്ടുള്ളത്.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചരിത്രത്തിലിതുവരെയില്ലാത്ത വികസന പ്രവർത്തനങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് സംസ്ഥാനത്തുള്ളത്. കേരളത്തിന്റെ സമഗ്ര വികസനത്തിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുമാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. പൊതുമേഖലാസ്ഥാപനങ്ങളുടെ സംരക്ഷണമെന്ന ബദൽ വികസന നയമാണ് വ്യവസായ വകുപ്പ് സ്വീകരിക്കുന്നത്. കേന്ദ്രസർക്കാർ അടച്ചുപൂട്ടിയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് എന്ന പേരിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും

ഭിന്നശേഷിക്കാരുടെയുമുൾപ്പെടെ സമസ്ത ജനവിഭാഗങ്ങളുടെയും ക്ഷേമവും സുരക്ഷയും മുൻനിർത്തിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്ലൈവുഡ് മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. വ്യവസായ സംരംഭങ്ങൾക്കായി ഏറ്റെടുക്കുന്ന ഭൂമി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. വ്യവസായ സ്ഥാപനങ്ങളിലേയ്ക്കുള്ള റോഡുകളുടെ പരിപാലനം ഉറപ്പുവരുത്തണം. വിദേശരാജ്യങ്ങളിലേതുപോലെ പൗഡർ സ്പ്രേ ചെയ്ത് തീയണയ്ക്കാനുള്ള ആധുനിക സംവിധാനങ്ങൾ ഫയർ സ്റ്റേഷനുകളിൽ ഏർപ്പെടുത്തണം. റബ്ബർ തടി കയറ്റിവരുന്ന ലോറി തൊഴിലാളികളിൽനിന്ന് അധികതുക പിഴയായി ഈടാക്കുന്ന നടപടി അവസാനിപ്പിക്കണം. അതിഥി തൊഴിലാളികളുടെ സംരക്ഷണത്തിനായി ഓണേഴ്സ് അസോസിയേഷനുമായി സഹകരിച്ച് ഒരു സൗഹൃദ ആശുപത്രി സ്ഥാപിക്കുന്നത് സംബന്ധിച്ച് ആലോചിക്കണം. സംസ്ഥാനത്ത് ബിൽഡിംഗ് ആക്ടിന് രൂപം നൽകണം.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റിയത്

സ്വാഗതാർഹമാണ്. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും ഫലവത്തായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹ്യനീതിയിലധിഷ്ഠിതമായ സമഗ്രവികസനമെന്ന കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വ്യവസായ രംഗത്ത് സമാനതകളില്ലാത്ത നേട്ടം കൈവരിക്കാൻ സാധിച്ചതും അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ നടത്തുന്ന പ്രവർത്തനങ്ങളും പ്രശംസനീയമാണ്. 2023 ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഏറ്റവും കൂടുതൽ നിയമനങ്ങൾ നടന്നത് കേരളത്തിലാണ്. മെഡിക്കൽ കോളേജുകളിൽ പാവപ്പെട്ട രോഗികൾക്ക് നൽകി വരുന്ന സൗജന്യ ചികിത്സ സമ്പ്രദായം നിലനിർത്തുന്നതിനും ആധുനിക ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എടുത്തുപറയേണ്ടതാണ്. വടക്കാഞ്ചേരിയിലെ SIFL-ന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പൂർണ്ണമായും ലഭ്യമാക്കുന്നതിനും വടക്കാഞ്ചേരി ജില്ലാശുപത്രിയിൽ പ്രവർത്തിക്കുന്ന പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ സെൻസറി ഗാർഡൻ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡാനന്തരം 120000-ത്തോളം സംരംഭങ്ങൾക്ക് രജിസ്ട്രേഷനും സാമ്പത്തിക സഹായവും നൽകിയതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നുപോയിട്ടും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിലും സർക്കാർ സ്വീകരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. സ്വകാര്യമേഖലയിൽ സൈബർ/വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകാനുള്ള തീരുമാനം ശ്രദ്ധേയമാണ്. കോഴിക്കോട് ജില്ലയിൽ കൂടുതൽ ഐ.ടി സ്ഥാപനങ്ങൾ ആരംഭിക്കാനും പരമ്പരാഗതമേഖലയെ ശക്തിപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. വിശപ്പ് രഹിത കേരളം, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. യുവതലമുറ വിദേശത്തേയ്ക്ക് കുടിയേറുന്ന സാഹചര്യം ഇല്ലാതാക്കാൻ അതുസംബന്ധിച്ച് പഠനം നടത്തി സർവ്വകലാശാലകളിൽ വിദ്യാഭ്യാസത്തോടൊപ്പം സാങ്കേതിക അറിവുകൾ നൽകാനും വ്യവസായത്തിൽ താൽപ്പര്യമുള്ള കുട്ടികളെ വ്യവസായികളായി വാർത്തെടുക്കാനുമുള്ള സംവിധാനം നടപ്പിലാക്കിയതോടെ ഒരു വ്യാവസായിക വിപ്ലവത്തിന് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യാവസായിക രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടില്ലെന്നത് അപലപനീയമാണ്. നവസംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള ദുർബലമായ ഉദ്യോഗസ്ഥ സംവിധാനമാണ് വ്യവസായ വകുപ്പിൽ നിലനിൽക്കുന്നത്. വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് കൃത്യമായ അവലോകനം നടത്തണം.

ശ്രീ. സി. സി. മുകുന്ദൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏകജാലക സംവിധാനം നടപ്പിലാക്കിയതിലൂടെ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സാധിച്ചത് വ്യവസായ മേഖലയുടെ പുരോഗതി വ്യക്തമാക്കുന്നതാണ്. മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ കൂടുതൽ ജാഗ്രത പുലർത്തണം. വയോമിത്രം, അനുയാത്ര, ആശ്വാസ കിരണം, സ്നേഹപൂർവ്വം എന്നീ പദ്ധതികൾ ആവിഷ്കരിച്ചത് മാതൃകാപരമാണ്. നികുതി വരുമാനം വർദ്ധിപ്പിച്ച് ചെറുകിട-വാണിജ്യരംഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. ക്യാമ്പസുകളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിലൂടെ വ്യവസായ-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതിയുണ്ടാകുന്നതാണ്. പഠനത്തോടൊപ്പം വരുമാനം ആഗ്രഹിക്കുന്ന

പുതുതലമുറയ്ക്ക് അവസരമൊരുക്കുന്നതിലൂടെ രാജ്യത്തിനാകമാനം കേരളം മാതൃകയാകുന്നതാണ്.

ശ്രീ. എച്ച്. സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാലത്തിനനുസൃതമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് വ്യവസായ മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കെൽട്രോണിനെ പുനരുജ്ജീവിപ്പിച്ചതിലൂടെ ചന്ദ്രയാൻ-3 ദൗത്യത്തിനാവശ്യമായ ഉപകരണങ്ങൾ നൽകാനും അതുവഴി സംസ്ഥാന സർക്കാരിന് അതിൽ പങ്കാളികളാകാനും സാധിച്ചത് അഭിമാനാർഹമാണ്. പ്രമുഖ അന്താരാഷ്ട്ര കമ്പനികൾ കേരളത്തിലെ വ്യവസായ മേഖലയിലേയ്ക്ക് കടന്നുവരുന്നത് വ്യവസായ മേഖലയുടെ പുരോഗതി വ്യക്തമാക്കുന്നതാണ്. വ്യവസായ വികസനത്തിലൂടെ പുതിയ ജോലി സാധ്യതകൾ കണ്ടെത്തി യുവതലമുറയ്ക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഹബ്ബാക്കി സംസ്ഥാനത്തെ മാറ്റാനുള്ള പരിശ്രമം നടന്നുവരികയാണ്. നഷ്ടത്തിലായിരുന്ന കെ.എസ്.ഡി.പി.-യെ ലാഭത്തിലാക്കാൻ സാധിച്ചതും കിഫ്ബി വഴി 231 കോടി രൂപ അനുവദിച്ച് ഓങ്കോളജി ഫാർമ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചതും പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചതും ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ

വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്. പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്താനും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ മുരടിച്ചുകൊണ്ടിരിക്കുന്നതും ഊർദ്ധ്വശ്വാസം വലിക്കുന്നതുമായ രണ്ട് മേഖലകളാണ് വ്യവസായവും കൃഷിയും. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകൾ 15 ഏക്കറിനകത്ത് പ്രവർത്തിക്കണമെന്ന നിബന്ധന വ്യവസായ മേഖലയ്ക്ക് ഗുണകരമല്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ധനാഭ്യർത്ഥന ചർച്ചയിൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. ഹൈടെക് മാനുഫാക്ചറിംഗിന് സാധ്യതയുള്ള സംസ്ഥാനമെന്ന നിലയിൽ ഐ.ബി.എം. കേരളത്തിൽ പ്രവർത്തനമാരംഭിക്കുകയും ഒരു വർഷത്തിനുള്ളിൽ രണ്ടായിരം പേരെ റിക്രൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് സൈബർ സ്പേസിന് കൂടുതൽ സ്ഥലം അനുവദിക്കുകയും ആങ്കർ ഇൻഡസ്ട്രി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മലബാറിന്റെ വികസനത്തിനുവേണ്ടി കെ.എസ്.ഐ.ഡി.സി.യുടെ പ്രത്യേക ഓഫീസ്

കോഴിക്കോട്ട് ആരംഭിച്ചു. കുറ്റ്യാടിയിൽ നാളികേര പാർക്ക് വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ലോകോത്തര ജർമ്മൻ കമ്പനിയായ ഡി-സ്പേസ് തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭാരത് ബയോടെക്കിന്റെ പുതിയ ഭക്ഷ്യസംസ്കരണ സംവിധാനമായ ആർ.സി.സി.ന്യൂട്രാ ഫിൽസ് പ്രൈവറ്റ് ലിമിറ്റഡ് അങ്കമാലിയിൽ കെ.എസ്.ഐ.ഡി.സി. പാർക്കിൽ ആരംഭിക്കുകയാണ്. അങ്കമാലിയിലും ആലുവയിലെ ടെക്സ്റ്റൈൽ മില്ലിലും ലോജിസ്റ്റിക് പാർക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രമുഖ ബിസ്കറ്റ് നിർമ്മാണ കമ്പനിയായ ആസ്റ്റോ ഗ്ലോബൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നീറ്റാ ജലാറ്റിൻ കമ്പനിയുടെ എക്സ്പാൻഷൻ പ്രവർത്തനങ്ങൾ എറണാകുളത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഡയപ്പർ രംഗത്തെ പ്രധാന കമ്പനിയായ സ്വരാ ബേബി പെട്രോകെമിക്കൽ പാർക്കിലും ഹോം അപ്ലയൻസസിന്റെ ലോകോത്തര നിർമ്മാതാക്കളായ വിയറ്റ്നാം കമ്പനിയുടെ സ്റ്റീൽ മാനുഫാക്ചറിംഗ് യൂണിറ്റ് ചേർത്തലയിലും പ്രവർത്തനമാരംഭിക്കും. മറ്റ് പല അന്താരാഷ്ട്ര കമ്പനികളും സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലെയും വ്യവസായ സംരംഭങ്ങൾ ജിയോ ടാഗ് ചെയ്ത് മാപ്പ് ചെയ്യുകയും സർവ്വേ നടത്തുകയും ചെയ്തതിന്റെ ഫലമായി നാന്നൂറോളം

സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അൻപത് കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് കെ-സ്വിഫ്റ്റിന്റെ അക്നോളഡ്ജ്മെന്റ് വച്ച് പ്രവർത്തനമാരംഭിക്കാവുന്നതും അതിലധികം നിക്ഷേപമുള്ളവയ്ക്ക് എല്ലാ രേഖകളോടുംകൂടി അപേക്ഷ നൽകിയാൽ ഏഴ് ദിവസത്തിനുള്ളിൽ കോമ്പസിറ്റ് ലൈസൻസ് ലഭിക്കുന്നതുമാണ്. കിൻഫ്ര/കെ.എസ്.ഐ.ഡി.സി. വ്യവസായ പാർക്കുകളിൽ സ്ഥലം ലഭ്യമാക്കുന്നതിന് ലാൻഡ് പോളിസിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുൾപ്പെടെയുള്ളവ വ്യാവസായികാവശ്യങ്ങൾക്കായി വാങ്ങിയ ഭൂമിയെ സംബന്ധിച്ച് മാപ്പിംഗ് നടത്തുകയും ഉടമസ്ഥാവകാശം പഞ്ചായത്തുകളിൽ നിലനിർത്തിക്കൊണ്ട് പ്രസ്തുത സ്ഥലം വ്യവസായ പാർക്കായി വികസിപ്പിക്കുന്നതിന് പരമാവധി 3 കോടി രൂപവരെ നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പിന്റെ/സഹകരണ ബാങ്കുകളുടെ കൈവശം പഞ്ചായത്ത്, കോർപ്പറേഷൻ പരിധിയിൽ യഥാക്രമം 7-ഉം 5-ഉം ഏക്കർ ഭൂമിയുണ്ടെങ്കിൽ അവിടെ സഹകരണ പാർക്ക് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 22 സ്വകാര്യ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. വ്യവസായസംരംഭകർക്കുൾപ്പെടെ കൈവശം

വയ്ക്കാവുന്ന ഭൂമിയുടെ പരിധിയിൽ ഇളവനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതിന് മന്ത്രിതല സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പ് എൻ.ഒ.സി. മാനദണ്ഡങ്ങൾ ലഭ്യമാക്കുന്നമുറയ്ക്ക് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതാണ്. പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് 3.58 കോടി രൂപ നൽകിയിട്ടുണ്ട്. കോട്ടൺ സംഭരിച്ച് വിതരണം ചെയ്യുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് മുഖേന പി.എസ്.യു-കളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണുദ്ദേശിക്കുന്നത്. പ്രത്യേകം തിരഞ്ഞെടുത്ത 50 കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തനമൂലധനമായി പരമാവധി 10 ലക്ഷം രൂപ നൽകുന്നതാണ്. കയർ ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ഒരു വർഷം 50,000 രൂപവരെ സബ്സിഡി നൽകാനും തൊഴിലാളികൾക്ക് 3 ലക്ഷം രൂപവരെ അപകട ഇൻഷ്വറൻസും ആശുപത്രി ചെലവുകൾക്കായി ഒരുലക്ഷം രൂപവരെയും നൽകുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൂലധനം ആകർഷിക്കുന്നതിനായി ജനുവരിയിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്ന വിവരവും രാജ്യത്തെ ആദ്യത്തെ ജനറേറ്റീവ് എ.ഐ.-യുടെ ഇന്റർനാഷണൽ കോൺക്ലേവ് കൊച്ചിയിൽ നടത്തുന്ന കാര്യവും

സഭയെ അറിയിക്കുന്നു. കൊച്ചി-ബംഗളൂരു വ്യാവസായിക ഇടനാഴിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതോടൊപ്പം അത് സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ ഇടപെടലും എം.പി.-മാരുടെ ഭാഗത്തുനിന്നുണ്ടാകണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വയോജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് വൈവിദ്ധ്യപൂർണ്ണമായ പദ്ധതികളാണ് വകുപ്പ് നടപ്പാക്കിവരുന്നത്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സംരക്ഷണ കേന്ദ്രങ്ങൾക്ക് കൃത്യമായ ഗ്രാന്റ് നൽകുന്നതോടൊപ്പം 27 റവന്യൂ ഡിവിഷനുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകളും പ്രവർത്തിച്ചുവരുന്നു. എൽഡർ ലൈൻ പദ്ധതിയും സാമൂഹിക-സാമ്പത്തിക-ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതും ഒറ്റപ്പെട്ട് കഴിയുന്നതുമായ വയോജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുള്ള വയോരക്ഷ, വയോപോഷണം എന്നീ പദ്ധതികളും നല്ല രീതിയിൽ നടപ്പാക്കിവരുന്നു. പകൽവീടുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വയോ അമൃതം പദ്ധതി, സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി, വയോമധുരം പദ്ധതി,

മന്ദഹാസം പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. മറവി രോഗങ്ങളുമായി ബന്ധപ്പെട്ട് മെമ്മറി ക്ലിനിക്കുകളിൽ സ്കാനിംഗ് നടത്തി മരുന്നുകളും മറ്റ് മെഡിക്കൽ അസിസ്റ്റൻസും ഉറപ്പാക്കുന്ന ഓർമ്മത്തോണി എന്ന പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വയോജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണ്ടെത്തുന്നതിന് ഈ വർഷം വയോജന സർവ്വേ നടപ്പാക്കുകയാണ്. വയോജനകമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. പെയ്ഡ് ഓൾഡ് ഏജ് ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കെയർ ഗിവർമാരുടെ സേവനം സംബന്ധിച്ച സമഗ്ര നിയമനിർമ്മാണവും പുരോഗമിച്ചുവരുന്നു. വയോജന നയം സമഗ്രമായി പരിഷ്കരിക്കാനും അതുസംബന്ധിച്ച സ്റ്റേറ്റ് ആക്ഷൻ പ്ലാൻ രൂപീകരിക്കാനും നടപടി സ്വീകരിച്ചുവരുന്നു. പൊതു ഇടങ്ങൾ, കലാലയങ്ങൾ, വിദ്യാലയങ്ങൾ, ഓഫീസുകൾ, കളക്ടറേറ്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കാര്യാലയങ്ങൾ ബാരിയർ ഫ്രീ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മൊബിലിറ്റി മിഷൻ കേരള പദ്ധതിയുടെ ഭാഗമായി സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായ പരിമിതിയുള്ള കുട്ടികൾക്ക് കറക്ടീവ് സർജറിയും മെഡിക്കൽ പരിചരണവും രക്ഷിതാക്കൾക്ക് പരിശീലനവും

സഹായ ഉപകരണങ്ങളുമുൾപ്പെടെ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഭിന്നശേഷിക്കാരുടെ ക്ഷേമം മുൻനിർത്തി വിവിധ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം സ്പെഷ്യൽ അങ്കണവാടികൾ, ഓട്ടിസം സെന്ററുകൾ, മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വരുമാനദായക സംരംഭങ്ങളുണ്ടാക്കുന്നതിനും ഉതകുന്ന തരത്തിൽ സ്വയം സഹായ സംഘങ്ങളുടെ നെറ്റ്‌വർക്ക് രൂപീകരിക്കാനുള്ള പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്. സർക്കാർ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പുവരുത്തിയതോടൊപ്പം പ്രൊമോഷനിലും സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ കലാകായിക കഴിവുകൾ വികസിപ്പിക്കുന്നതിനായി 'ശ്രേഷ്ഠം' പദ്ധതി നടപ്പാക്കുകയും 18 വയസ്സ് കഴിഞ്ഞ വ്യക്തികളുടെ നൈപുണ്യവികസനത്തിനായി 'പ്രചോദനം' പദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനായി സംയോജിത പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള 'സഹജീവനം സ്നേഹഗ്രാമം' എന്ന പുനരധിവാസ

ഗ്രാമത്തിന്റെ ആദ്യഘട്ട പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി കൊല്ലം ജില്ലയിൽ 'പ്രിയ ഹോം' എന്ന സ്ഥാപനം ആരംഭിക്കുകയും മലപ്പുറം ജില്ലയിൽ 'പ്രതീക്ഷാ ഭവൻ' മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാനസിക രോഗമുക്തരായ അന്യസംസ്ഥാനക്കാരെ സ്വന്തം സംസ്ഥാനത്തെത്തിക്കുന്നതിനായി 'പ്രത്യാശ' പദ്ധതി ആരംഭിച്ചിട്ടുണ്ട്. മാതൃജ്യോതി പദ്ധതിയിൽ 73 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആശ്വാസ കിരണം പദ്ധതിയിൽ 80 കോടി രൂപയും സ്നേഹപൂർവം പദ്ധതിയിൽ 73 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ സമഗ്രവികസനത്തിനായി മഴവില്ല്, വർണ്ണം, യത്നം, സാകല്യം, കരുതൽ, സമന്വയ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ കലോത്സവം വിജയകരമായി സംഘടിപ്പിക്കുന്നുണ്ട്. ട്രാൻസ്ജെൻഡേഴ്സിനുവേണ്ടി വനിതാ വികസന കോർപ്പറേഷൻ മുഖാന്തരം മൂന്ന് ലക്ഷം രൂപ സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുകയും അവർക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിനുമായി ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തിനും തുടർവിദ്യാഭ്യാസത്തിനും ധനസഹായം, സ്കോളർഷിപ്പ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വിദേശ പഠനം സാധ്യമാക്കുന്നതിനുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയും ഈ വർഷം നടപ്പാക്കുന്നതാണ്. മിശ്രവിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്കുവേണ്ടി ധനസഹായ പദ്ധതി നടപ്പാക്കുകയും ലിംഗമാറ്റ ശസ്ത്രക്രിയക്കുള്ള ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. കലാപരമായി മികവ് പുലർത്തുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ പരിപാടികൾ അവതരിപ്പിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായകരമായ വിധത്തിൽ കലാസംഘം രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി സാമൂഹ്യനീതി ഭവൻ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പെയ്ഡ് റിട്ടയർമെന്റ് ഹോംസ് പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാന്തവൽകൃത വിഭാഗങ്ങളുടെ പുനരധിവാസവും

ശാക്തീകരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള സർവ്വതല സ്പർശിയായ പദ്ധതികളാണ് നടപ്പാക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII--ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും 31-നെതിരെ 68 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.

*******